# കേരള സർവകലാശാല

നം.പി.ആർ.199/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ക്ലാസുകൾ ആരംഭിക്കുന്നു

സർവകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്/കരിയർ റിലേറ്റഡ് ഡിഗ്രി കോഴ്സുകളുടെ ക്ലാസ്സുകൾ അക്കാഡമിക് കലണ്ടർ പ്രകാരം 2018 സെപ്റ്റംബർ 10 ന് ആരംഭിക്കുന്നതാണ്.

### നാഷണൽ അക്കാഡമിക് ഡെപ്പോസിറ്ററി (നാഡ്)

യു.ജി.സി മുഖേന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാഷണൽ അക്കാഡമിക് ഡെപ്പോസിറ്ററി (നാഡ്) പദ്ധതിയിൽ കേരള സർവകലാശാലയും അംഗമായിരിക്കുന്നു. സർവകലാശാലയിൽ നിന്നും ബിരുദമെടുത്തവരുടെ വിവരങ്ങൾ അവരവരുടെ ആധാർ നമ്പർ അടിസ്ഥാനത്തിൽ എപ്പോഴും ഓൺലൈൻ ആയി ലഭിക്കുന്ന രീതിയിൽ ഡിജിറ്റലായി സൂക്ഷിക്കുക എന്നതാണ് ഈ പദ്ധതി. സർവകലാശാലയിൽ നിന്നും 2017 ൽ ബി.ടെക് ബിരുദമെടുത്തവരുടെ വിവരങ്ങളാണ് തുടക്കത്തിൽ ഇതിലൂടെ ലഭിക്കുന്നത്. ഇതിനായി 2017 ൽ ബി.ടെക് ബിരുദമെടുത്തവർ അവരവരുടെ ആധാർ നമ്പർ, രജിസ്റ്റർ നമ്പർ, മൊബൈൽ നമ്പർ എന്നിവ nadsection@gmail.com എന്ന വിലാസത്തിൽ സെപ്റ്റംബർ 11 നു മുൻപ് നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547082706 എന്ന നമ്പറിൽ നോഡൽ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

### മാർക്ക് ലിസ്റ്റ്

വിദൂര വിദ്യാഭ്യാസ വിഭാഗം ജൂൺ 2018 ന് നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ അതാത് സെന്ററുകളിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

### എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവ്വകലാശാലയിലെ പഠന വകുപ്പുകളായ കമ്പ്യൂട്ടർ സയൻസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, ഫ്യൂച്ചർ സ്റ്റഡീസ് – കളിൽ നടത്തി വരുന്ന AICTE അംഗീകൃത എം.ടെക് പ്രോഗ്രാമുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും രേഖകളുമായി അതാത് ഡിപ്പാർട്ട്മെന്റിൽ 11 – ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും വിദ്യാഭ്യാസ യോഗ്യതകൾക്കും സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

**തിരുവനന്തപുരം.**

07.09.2018

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**